പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 681 13/07/2012-ൽ മറുപടിക്ക്.

**ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. യു. കുരുവിള ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ;<br>ശ്രീ. മോൻസ് ജോസഫ് ;<br>ശ്രീ. സി. എഫ്. തോമസ് ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| **(എ) ജീവിതനിലവാരം ഉയരുന്നതും ജീവിതസൂചികയിലെ വലിയതോതിലുള്ള വർദ്ധനവും പരിഗണിച്ച് എല്ലാ ക്ഷേമനിധി പെൻഷനുകളും കുറഞ്ഞത് 1000/-രൂപ (ആയിരം രൂപ) എങ്കിലും ആയി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;**<br><br>**(ബി) ക്ഷേമനിധി പെൻഷൻ ലഭിക്കുന്നവർക്ക് പ്രത്യേക മെഡിക്കൽ അലവൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?** | **(എ & ബി) തൊഴിൽ വകുപ്പിന് കീഴിലുള്ള 15 ക്ഷേമനിധി ബോർഡുകളിൽ 5 ബോർഡുകൾ ഒഴികെ ബാക്കി എല്ലാ ബോർഡുകളും സാമ്പത്തിക പരാധീനത നേരിടുന്നവയാണ്. സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ മാത്രമാണ് ടി ബോർഡുകൾ ക്ഷേമനിധി പെൻഷൻ വിതരണം ചെയ്യുന്നത്. ഇതിനായി സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യത നേരിടുന്നുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ചും പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ചും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ച ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിൽ ബോർഡുകളുടെ സാമ്പത്തിക പരാധീനത മറികടക്കുന്നതിനായി സമാന സ്വഭാവമുള്ള ബോർഡുകൾ ഏകീകരിക്കുന്നതിനുള്ള നിർദ്ദേശവും** |

ഉൾപ്പെടുന്നുണ്ട്. ഈ നിർദ്ദേശങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനെ അടിസ്ഥാനപ്പെടുത്തി മാത്രമേ ക്ഷേമ പെൻഷനുകൾ ഉയർത്തുന്നതിനും മെഡിക്കൽ അലവൻസ് നൽകുന്നതിനെ സംബന്ധിച്ചും തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിന് വിശാലമായ അഭിപ്രായസമന്വയം ഉണ്ടാവേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ